പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4917

5.2.2014 ൽ മറുപടിയ്ക്ക്

**റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പാലോട് രവി<br>ശ്രീ.ഷാഫി പറമ്പിൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ജി.ഒ(എം.എസ്)നം.75/12/സാ.നീ.വ തീയതി 24.12.2012 പ്രകാരം തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട കല്ലേറ്റുംകരയിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (RIPMR) എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സെറിബ്രൽ പാൾസി നിമിത്തം വൈകല്യം നേരിടുന്ന വ്യക്തികൾക്കും അതുമായി ബന്ധപ്പെട്ട മറ്റ് ശാരീരിക വൈകല്യം ഉള്ള വ്യക്തികൾക്കും ആവശ്യമായ ക്ലിനിക്കൽ സപ്പോർട്ടും പുനരധിവാസവും നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശലക്ഷ്യം. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ; | (സി) ഈ സ്ഥാപനം പ്രധാനമായും സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലാണ്. കൂടാതെ കേരള സാമൂഹ്യസുരക്ഷാമിഷൻ, നിഷ് എന്നീ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനവുമായി സഹകരിക്കുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി)പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം ആകെ 3,85,34,290/- രൂപ അനുവദിച്ചിരുന്നു. സ്ഥാപനത്തിന്റെ ഭാവി പരിപാടികൾ നിർണ്ണയിക്കുന്നതിനും രൂപ കൽപ്പന ചെയ്യുന്നതിനുമായി സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ളവരും മാനേജ്മെന്റ് പ്രൊഫഷണലുകളുമായ ഏഴ് പേരെ ഉൾപ്പെടുത്തി ഒരു എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ കൂടുതൽ സുഗമമായ പ്രവർത്തനത്തിനായി നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.സാമുവേൽ മാത്യുവിനെ RIPMR ന്റെയും പാർട്ട് ടൈം ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ